# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)

## കേരള സംസ്ഥാന സമ്മേളനം

## 2018 ഫെബ്രുവരി 22 മുതൽ 25 വരെ

## സ: വി.വി.ദക്ഷിണാമൂർത്തി നഗർ, തൃശ്ശൂർ

**(പ്രസിദ്ധീകരണത്തിന്)** **24.02.2018**

**(സംസ്ഥാന സമ്മേളനം അംഗീകരിച്ച പ്രമേയം)**

# നവോത്ഥാന മൂല്യങ്ങളെ മുന്നോട്ടു കൊണ്ടുപോകുക

കേരള സമൂഹത്തിന്റെ ജനാധിപത്യവത്ക്കരണത്തിന് വഴി തെളിയിച്ചത് നവോത്ഥാന പ്രസ്ഥാനങ്ങളാണ്. അയ്യാ വൈകുണ്ഠൻ, ശ്രീനാരായണ ഗുരു, ചട്ടമ്പി സ്വാമികൾ, അയ്യൻകാളി, കെ പി കറുപ്പൻ, പൊയ്കയിൽ കുമാരഗുരു, മക്തി തങ്ങൾ , വക്കം മൗലവി, കുര്യാക്കോസ് ഏലിയാസ്, വാഗ്ഭടാനന്ദൻ, സഹോദരൻ അയ്യപ്പൻ മുതലായ നിരവധി പേർ നയിച്ച കേരള നവോത്ഥാനം നൂറ്റാണ്ടുകളോളം നിലനിന്ന ജാതി-ജന്മി നാടുവാഴിത്ത വ്യവസ്ഥയുമായി പോരാടി ഒരു പുതിയ സമൂഹം സൃഷ്ടിക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചു. അതു വളർത്തി കൊണ്ടു വന്ന സമൂഹ സങ്കൽപ്പങ്ങളാണ്, പുതിയ ജീവിത രീതികളാണ് കേരള ജനതയെ സോഷ്യലിസത്തിന്റേയും കമ്മ്യൂണിസത്തിന്റേയും ആശയങ്ങളിലേക്ക് നയിച്ചതും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇവിടെ വേരൂന്നാൻ സഹായിച്ചതും. ഇതിന്റെ ഫലമായാണ് ജാതി നിഷേധം, മതനിരപേക്ഷത, ലിംഗസമത്വം, ജനാധിപത്യപരമായ പൊതു ഇടങ്ങൾ, സമത്വം, യുക്തിചിന്ത, ശാസ്ത്രബോധം തുടങ്ങിയവ കേരളീയരുടെ പൊതു ബോധമായി മാറിയതും

1957 ന് ശേഷം രാഷ്ട്രീയ ഇടപെടലിലേക്കും നവലിബറൽ നയങ്ങളുടെ വരവോടെ കൂടുതൽ ശക്തിപ്പെട്ടതുമായ ജാതി-മത വർഗ്ഗീയത നവോത്ഥാനം സൃഷ്ടിച്ച മൂല്യങ്ങളേയും പൊതു ബോധത്തേയും തകർത്തു കൊണ്ടിരിക്കുകയാണ്. ജാതി-മത വർഗ്ഗീയ പ്രസ്ഥാനങ്ങൾ സമത്വം, സാമൂഹ്യനീതി, ജനാധിപത്യം മുതലായ ആശയങ്ങൾക്കു പകരം ജാതീയവും മതപരവുമായ ഭിന്നതകളിലൂന്നുകയാണ്. മാത്രമല്ല പൊതുവായ ജനാധിപത്യ ഇടങ്ങളെ മുഴുവനും തകർക്കാനുള്ള ശ്രമങ്ങളും നടത്തുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, ആശയവിനിമയം, ജനനം, വിവാഹം, മരണം, വസ്ത്രധാരണം പോലുള്ള ജീവിത രീതികൾ തുടങ്ങി എല്ലാ മേഖലകളിലും ഇവരുടെ സ്വാധീനം വർദ്ധിക്കുന്നു. സാമൂഹ്യമായി നിലനിർത്തപ്പെട്ട പൊതുസ്ഥലങ്ങൾ പോലും ജാതി-മത വർഗ്ഗീയ സംഘടനകൾ കൈവശപ്പെടുത്തി സ്വന്തമാക്കുവാൻ ശ്രമിക്കുന്നു. മിത്തുകൾ, അന്ധവിശ്വാസങ്ങൾ, കപട ശാസ്ത്രരൂപങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് സ്വന്തം സങ്കുചിത ചിന്താഗതികളെ ന്യായീകരിക്കുന്നു. സ്കൂൾ പാഠപുസ്തകങ്ങളിലേക്കുള്ള വർഗ്ഗീയ വാദികളുടെ കടന്നുകയറ്റവും, പ്രതിരോധ കുത്തിവെയ്പ്പിനെതിരായ പ്രചരണവും ഉദാഹരണങ്ങളാണ്. സ്ത്രീ-പുരുഷ സൗഹൃദങ്ങൾക്കെതിരായി ഉയർന്നു വരുന്ന നിരന്തരമായ വെല്ലുവിളികളും കർശനമായ നിയന്ത്രണവും മറ്റൊരുദാഹരണമാണ്.

ജാതി-മത വർഗ്ഗീയത വളർത്തിക്കൊണ്ടു വരുന്ന ഭിന്നതയുടേയും അസഹിഷ്ണുതയുടേയും അന്തരീക്ഷം ജനാധിപത്യത്തിനും ചിന്തിക്കാനും പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യത്തിനും എതിരായ വെല്ലുവിളികളായി മാറുകയാണ്. മതാന്ധതയുടെ അസഹിഷണുതയും ജാതീയമായ വേർതിരിവുകളും മർദ്ദന രൂപങ്ങളും നിലനിർത്തുന്ന സമൂഹത്തിന് ഒരിക്കലും ജനാധിപത്യ സമൂഹമായി വികസിക്കാൻ സാധ്യമല്ല.

ഈ സാഹചര്യങ്ങളിൽ നവോത്ഥാന മൂല്യങ്ങളെ മുറുകെപിടിക്കുകയും അവയെ കാലനുസൃതമായി വികസിപ്പിച്ച് മുന്നോട്ട് കൊണ്ടു പോകുകയും ചെയ്യേണ്ടത് ജനാധിപത്യ ശക്തികളുടെ ഉത്തരവാ

ദിത്വമാണ്. ജാതിരഹിതവും മതനിരപേക്ഷവും സ്ത്രീ–പുരുഷ സൗഹൃദപരവുമായ പൊതു ഇടങ്ങൾ ഉറപ്പുവരുത്താനാകണം. ട്രാൻസ്ജെന്ററുകളെ സൗഹാർദ്ദപരമായി കാണുന്ന സാഹചര്യം രൂപപ്പെടുത്തണം.

ലിംഗനീതിയും ലിംഗസമത്വവും ജാതി–മത നിരപേക്ഷതയും ഉറപ്പ് വരുത്തുന്ന ജീവിത രീതിയും കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇടപെടാനാകണം. കുടുംബ സങ്കൽപ്പവും വിശ്വാസ സ്വാതന്ത്ര്യവും പൊതു ഇടങ്ങളിൽ വിശ്വാസികളുടെ പൂർണ്ണമായ സഹവർത്തിത്വവും എല്ലാവർക്കും ചിന്തയിലും ജീവിത രീതികളിലും ആവിഷ്കാരങ്ങളിലും ഉള്ള പൂർണ്ണമായ സ്വാതന്ത്ര്യവും ഉറപ്പുവരുത്തി കൊണ്ട് മുന്നോട്ടുപോകാനാകണം. ശാസ്ത്രബോധത്തിന്റെ വികാസം , അന്ധ വിശ്വാസങ്ങൾക്കും അവയെ പോഷിപ്പിക്കുന്ന കപട ശാസ്ത്ര രൂപങ്ങൾക്കെതിരായ പോരാട്ടം, ചരിത്രത്തിന്റേയും ശാസ്ത്രത്തിന്റേയും വളച്ചൊടിക്കലിനും മിത്തുവൽക്കരണത്തിനുമെതിരായ പോരാട്ടവും നടത്തി മുന്നോട്ടുപോകാനാകണം.

ജാതി–മത വർഗ്ഗീയത പ്രചരിപ്പിക്കുന്ന അസഹിഷ്ണുതുടേയും ഹിംസയുടേയും അവശ–അധ:സ്ഥിത വിഭാഗങ്ങളുടെ മർദ്ദനത്തിന്റേയും അന്തരീക്ഷത്തിനെതിരായ പോരാട്ടം തുടങ്ങിയവ പുതിയ മൂല്യ സംഹിതകളുടെ ഭാഗമായി വളർത്തിയെടുക്കാനാകണം. ഇത്തരം ആശയങ്ങൾ ചേർന്ന് രൂപപ്പെടുത്തുന്ന അവസര സമത്വത്തിന്റേയും തുല്യ നീതിയുടേയും സൗഹൃദങ്ങളുടേയും സഹവർത്തിത്വത്തിന്റേയും അന്തരീക്ഷത്തിലാണ് ജനാധിപത്യ പ്രക്ഷോഭങ്ങളിലൂടെ രൂപപ്പെടുന്ന പുതു സമൂഹങ്ങളെ വളർത്തിയെടുക്കാനാവുക.

പുതിയ മൂല്യ സംഹിതകൾക്കും ജനാധിപത്യ സമൂഹത്തിനും വേണ്ടിയുള്ള പോരാട്ടം ജാതി മത വർഗ്ഗീയത ഉയർത്തുന്ന വെല്ലുവിളിക്കെതിരായ സാമൂഹ്യ–സാംസ്കാരിക മുന്നേറ്റമാകും. ഈ മുന്നേറ്റത്തിൽ അണിചേരാൻ എല്ലാ ജനാധിപത്യ വാദികളോടും സിപിഐ (എം) സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്യുന്നു.